©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ശനി<br><br>Thiruvananthapuram,<br>Saturday | 2021 ഫെബ്രുവരി 20<br>20th February 2021<br>1196 കുംഭം 8<br>8th Kumbham 1196<br>1942 ഫാൽഗുനം 1<br>1st Phalguna 1942 | നമ്പർ<br>No. 862 |

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ജി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 3361/ലെഗ്.ജി2/2021/നിയമം.

*തിരുവനന്തപുരം, 2021 ഫെബ്രുവരി 20*
*1196 കുംഭം 8*
*1942 ഫാൽഗുനം 1.*

2021 ഫെബ്രുവരി 19-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദ ബാബു പി. കെ.,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2021-ലെ 38-ാം നമ്പർ ഓർഡിനൻസ്

## 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

സംസ്ഥാന നിയമം മൂലം സംസ്ഥാനത്ത് സ്ഥാപിതമായ വിവിധ
സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്ത സ്വാശ്രയ
കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ
നിയമന രീതിയും സേവനവ്യവസ്ഥകളും അതുമായി
ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ
ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി
വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

<u>പീഠിക</u>.—സംസ്ഥാന നിയമം മൂലം സംസ്ഥാനത്ത് സ്ഥാപിതമായ വിവിധ സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്ത സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമന രീതിയും സേവനവ്യവസ്ഥകളും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നല്കപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ഓർഡിനൻസിന് 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) ഓർഡിനൻസ് എന്ന് പേര് പറയാം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ഓർഡിനൻസിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "കരാർ" എന്നാൽ ഒരു സ്വാശ്രയ കോളേജിൽ അദ്ധ്യാപകനായോ അനദ്ധ്യാപക ജീവനക്കാരനായോ നിയമിക്കപ്പെടുന്നതിന് വിദ്യാഭ്യാസ ഏജൻസിയുമായി ഏർപ്പെടുന്ന ഒരു കരാർ എന്നർത്ഥമാകുന്നു;

(ബി) "വിദ്യാഭ്യാസ ഏജൻസി" എന്നാൽ ഒരു സ്വാശ്രയ കോളേജ് സ്ഥാപിക്കുകയോ നിയന്ത്രിക്കുകയോ നടത്തുകയോ ചെയ്യുന്നതും സർവ്വകലാശാല അംഗീകരിച്ചതുമായ ഒരാൾ അല്ലെങ്കിൽ ഒരു നികായം എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "അനദ്ധ്യാപക ജീവനക്കാരൻ" എന്നാൽ സ്വാശ്രയ കോളേജിൽ വിദ്യാഭ്യാസ ഏജൻസിയുമായുള്ള കരാർ പ്രകാരം നിയമിക്കുകയും അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ അനദ്ധ്യാപക ജീവനക്കാരനായി രജിസ്റ്റർ ചെയ്തതുമായ ഒരാൾ എന്നർത്ഥമാകുന്നു;

(ഇ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ഓർഡിനൻസിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജി) "റെഗുലേറ്ററി ബോഡി" എന്നാൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷൻ, നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യുക്കേഷൻ, ബാർ കൗൺസിൽ ഓഫ് ഇൻഡ്യ, കൗൺസിൽ ഓഫ് ആർക്കിടെക്ചർ എന്നിവ എന്നർത്ഥമാകുന്നതും അതിൽ സർവ്വകലാശാലയും ഉൾപ്പെടുന്നതുമാകുന്നു;

(എച്ച്) "അവശ്യ തസ്തിക" എന്നാൽ ഒരു സ്വാശ്രയ കോളേജിൽ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത വിവിധ കോഴ്സുകൾക്കായി റെഗുലേറ്ററി ബോഡി നിശ്ചയിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപക തസ്തിക എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഐ) “സ്വാശ്രയ കോളേജ്” എന്നാൽ ഒരു വിദ്യാഭ്യാസ ഏജൻസി സ്ഥാപിക്കുകയോ നിയന്ത്രിക്കുകയോ നടത്തുകയോ ചെയ്യുന്നതും സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തതും അംഗീകരിച്ചതുമായ കോഴ്സുകൾ നടത്തുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനം എന്നർത്ഥമാകുന്നതും എന്നാൽ അതിൽ സർക്കാർ കോളേജും സർക്കാരുമായി ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ള പ്രൈവറ്റ് കോളേജും ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(ജെ) “സംസ്ഥാനം” എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(കെ) “വിദ്യാർത്ഥി” എന്നാൽ ഒരു സ്വാശ്രയ കോളേജ് നടത്തുന്ന ഒരു പഠന കോഴ്സിലേയ്ക്ക് പ്രവേശിപ്പിക്കപ്പെട്ടതും അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ യഥാവിധി രജിസ്റ്റർ ചെയ്തതുമായ ഒരാൾ എന്നർത്ഥമാകുന്നു;

(എൽ) “അദ്ധ്യാപകൻ” എന്നാൽ സ്വാശ്രയ കോളേജിൽ വിദ്യാഭ്യാസ ഏജൻസിയുമായുള്ള കരാർ പ്രകാരം നിയമിക്കുകയും അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ അദ്ധ്യാപകനായി രജിസ്റ്റർ ചെയ്തതുമായ ഒരാൾ എന്നർത്ഥമാകുന്നു;

(എം) “സർവ്വകലാശാല” എന്നാൽ 1974-ലെ കേരള സർവ്വകലാശാല ആക്റ്റ് (1974-ലെ 17), 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റ് (1975-ലെ 5), 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് (1985-ലെ 12), 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് (1986-ലെ 31), 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റ് (1996-ലെ 22), 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് (2015-ലെ 17) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം യഥാക്രമം സ്ഥാപിതമായ കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല എന്നിവ എന്നർത്ഥമാകുന്നു.

3. <u>സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനം</u>.—(1) സ്വാശ്രയ കോളേജിൽ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത കോഴ്സുകൾക്ക് വേണ്ടി റെഗുലേറ്ററി ബോഡി നിശ്ചയിക്കുന്ന അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും തസ്തികകളിലേയ്ക്കുള്ള നിയമനത്തിന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അപേക്ഷ വിദ്യാഭ്യാസ ഏജൻസി വിജ്ഞാപനം മൂലം ക്ഷണിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അവശ്യ തസ്തികകളിലേക്ക് റെഗുലേറ്ററി ബോഡി നിശ്ചയിക്കുന്ന അങ്ങനെയുള്ള യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ, ഈ ഓർഡിനൻസിന്റെ പ്രാബല്യ തീയതിയിൽ ഒരു സ്വാശ്രയ കോളേജിൽ അങ്ങനെയുള്ള തസ്തിക വഹിക്കുന്ന ഒരു ജീവനക്കാരന് റെഗുലേറ്ററി ബോഡി നിശ്ചയിച്ച ഏതെങ്കിലും യോഗ്യത ഇല്ലാത്തപക്ഷം, അങ്ങനെയുള്ള യോഗ്യത സർക്കാർ വിജ്ഞാപനം ചെയ്യുന്ന അങ്ങനെയുള്ള തീയതിക്കുള്ളിൽ നേടേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ലഭ്യമാകുന്ന അപേക്ഷ പരിശോധിച്ചശേഷം വിദ്യാഭ്യാസ ഏജൻസി ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതും വിദ്യാഭ്യാസ ഏജൻസി ഇതിലേയ്ക്കായി നിശ്ചയിക്കുന്ന ഒരു അധികാരസ്ഥാനത്തിന്റെ രേഖാമൂലമുള്ള ഒരു ഉത്തരവ് മുഖേന നിയമനം നടത്തേണ്ടതുമാണ്.

4. <u>വിദ്യാഭ്യാസ ഏജൻസിയുമായുള്ള കരാറും മറ്റു സേവനവ്യവസ്ഥകളും</u>.—(1) സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട ഏതൊരാളും അങ്ങനെയുള്ള തസ്തിക, ശമ്പള സ്കെയിൽ, ഇൻക്രിമെന്റ്, ഗ്രേഡ്, പ്രൊമോഷൻ, നിയമനകാലയളവ്, ശമ്പളം, ബത്ത, അധികസമയ ജോലി എന്നിവ സംബന്ധിച്ച് വിദ്യാഭ്യാസ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്:

എന്നാൽ, ഒരു സ്വാശ്രയ കോളേജിലെ അദ്ധ്യാപകനോ അനദ്ധ്യാപക ജീവനക്കാരനോ ഈ ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയെ സംബന്ധിച്ച് അങ്ങനെയുള്ള വ്യവസ്ഥകളിൽ പരാമർശിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ ആനുകൂല്യം നൽകുന്നതിനുവേണ്ടി വിദ്യാഭ്യാസ ഏജൻസിക്ക് വ്യവസ്ഥ ഉണ്ടാക്കുന്നതിനുള്ള അധികാരം തടയുന്നതല്ല.

(2) സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ തൊഴിൽദിനങ്ങൾ, ജോലിസമയം എന്നിവ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജ് അല്ലെങ്കിൽ എയ്ഡഡ് കോളേജ് എന്നിവിടങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് ബാധകമായതിന് സമാനമായിരിക്കുന്നതാണ്:

എന്നാൽ, അടിയന്തര സാഹചര്യങ്ങളിൽ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള കരാറിലെ വ്യവസ്ഥകൾ പ്രകാരം അധികസമയ ജോലി നിർവ്വഹിക്കേണ്ടതാണ്.

(3) സർക്കാർ കോളേജ് അല്ലെങ്കിൽ എയ്ഡഡ് കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് അർഹതപ്പെട്ട പൊതു അവധി, ആകസ്മിക അവധി, പ്രസവാവധി എന്നിവ സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) വിദ്യാഭ്യാസ ഏജൻസി, ഒരു സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട ഏതൊരാളെയും 1952-ലെ ജോലിക്കാരുടെ പ്രൊവിഡന്റ് ഫണ്ടുകളും പലവക വ്യവസ്ഥകളും ആക്റ്റിലെ (1952-ലെ 19-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിൽ ഒരു അംഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്:

എന്നാൽ, ഈ ഓർഡിനൻസിന്റെ പ്രാരംഭ തീയതിക്ക് മുമ്പ് സ്വാശ്രയകോളേജിലെ അവശ്യ തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട ഏതൊരാളെയും ഈ ഓർഡിനൻസിന്റെ പ്രാബല്യ തീയതി മുതൽ ആറുമാസത്തിനകം എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(5) വിദ്യാഭ്യാസ ഏജൻസി ഒരു സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേക്ക് നിയമിക്കപ്പെട്ട ഏതൊരാളെയും കേന്ദ്ര സർക്കാർ അംഗീകരിച്ച ഒരു ഇൻഷ്വറൻസ് കമ്പനിയുടെ ഇൻഷ്വറൻസ് പദ്ധതിയിൽ ഈ ഓർഡിനൻസിന്റെ പ്രാബല്യ തീയതി മുതൽ ആറുമാസത്തിനകം അംഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(6) ഒരു സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേക്കുള്ള നിയമനത്തിനായുള്ള പ്രായപരിധിയും വിരമിക്കൽ പ്രായവും റെഗുലേറ്ററി ബോഡി കാലാകാലങ്ങളിൽ തീരുമാനിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(7) ഒരു സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്ന ഏതൊരാളുടെയും അച്ചടക്ക അധികാരി വിദ്യാഭ്യാസ ഏജൻസി ആയിരിക്കുന്നതാണ്. വിദ്യാഭ്യാസ ഏജൻസി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. അപ്പീൽ.—4-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരം വിദ്യാഭ്യാസ ഏജൻസിയുടെ അച്ചടക്ക നടപടി മൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാല മുമ്പാകെ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. അങ്ങനെയുള്ള സർവ്വകലാശാലയുടെ സിൻഡിക്കേറ്റ്, അപ്പീൽ തീർപ്പാക്കേണ്ടതും അതിന്മേലുള്ള ഏതൊരു തീരുമാനവും അന്തിമമായിരിക്കുന്നതുമാണ്.

6. റെക്കാർഡുകളുടെയും രജിസ്റ്ററുകളുടെയും പരിപാലനം.—വിദ്യാഭ്യാസ ഏജൻസി സ്വാശ്രയ കോളേജിലെ അവശ്യ തസ്തികകളിലേയ്ക്ക് നിയമിക്കപ്പെട്ട അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വിവരങ്ങൾ സംബന്ധിക്കുന്ന റെക്കാർഡുകളും രജിസ്റ്ററുകളും പരിപാലിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7. <u>രജിസ്ട്രേഷൻ</u>.—(1) ഒരു സ്വാശ്രയ കോളേജിലെ അവശ്യ തസ്തികകളിലേയ്ക്ക് നിയമിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വിവരങ്ങൾ നിയമന തീയതി മുതൽ മൂന്ന് മാസത്തിനകം അങ്ങനെയുള്ള സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ വിദ്യാഭ്യാസ ഏജൻസി രജിസ്റ്റർ ചെയ്യേണ്ടതാണ്.

(2) ഈ ഓർഡിനൻസിന്റെ പ്രാബല്യ തീയതിക്ക് മുമ്പ് സ്വാശ്രയ കോളേജിലെ അവശ്യ തസ്തികകളിലേയ്ക്ക് നിയമിക്കപ്പെട്ട അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വിവരങ്ങൾ ഈ ഓർഡിനൻസിന്റെ പ്രാബല്യ തീയതി മുതൽ മൂന്ന് മാസത്തിനകം അങ്ങനെയുള്ള സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ വിദ്യാഭ്യാസ ഏജൻസി രജിസ്റ്റർ ചെയ്യേണ്ടതാണ്.

(3) (1), (2) എന്നീ ഉപവകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സർവ്വകലാശാല നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(4) (1), (2) എന്നീ ഉപവകുപ്പുകൾ പ്രകാരം സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ കടമകളും കർത്തവ്യങ്ങളും സർവ്വകലാശാല നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്. അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ നേടുന്നതിലേയ്ക്കായി പ്രവർത്തിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർവ്വകലാശാലയുടെ ഏതൊരു തീരുമാനവും വിദ്യാഭ്യാസ ഏജൻസി നടപ്പിലാക്കേണ്ടതാണ്.

8. <u>സ്വാശ്രയ കോളേജിൽ രൂപീകരിക്കേണ്ട വിവിധ നികായങ്ങൾ</u>.—(1) വിദ്യാഭ്യാസ ഏജൻസി, ഈ ഓർഡിനൻസിന്റെ പ്രാബല്യ തീയതി മുതൽ കഴിയുന്നത്രവേഗം, സർവ്വകലാശാലയെ യഥാവിധി അറിയിച്ച ശേഷം താഴെപ്പറയുന്ന നികായങ്ങൾ രൂപീകരിക്കേണ്ടതാണ്, അതായത്:—

(i) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(ii) അദ്ധ്യാപക-രക്ഷാകർത്തൃ അസോസിയേഷൻ;

(iii) വിദ്യാർത്ഥി പരാതി പരിഹാര സെൽ;

(iv) കോളേജ് കൗൺസിൽ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(v) 2013-ലെ ദി സെക്ഷ്വൽ ഹരാസ്മെന്റ് ഓഫ് വിമൺ അറ്റ് വർക്ക്പ്ലേസ് (പ്രിവൻഷൻ, പ്രൊഹിബിഷൻ ആന്റ് റിഡ്രസ്സൽ) ആക്റ്റ് (2013 ലെ 14-ാം കേന്ദ്ര ആക്റ്റ്) പ്രകാരമുള്ള ഇന്റേണൽ കമ്മിറ്റി.

(2) (1)-ാം ഉപവകുപ്പ് (v)-ാം ഇനം ഒഴികെയുള്ള നികായങ്ങളുടെ രൂപീകരണം, അധികാരങ്ങൾ, കടമകൾ, കർത്തവ്യങ്ങൾ എന്നിവ റെഗുലേറ്ററി ബോഡി നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

9. ഓർഡിനൻസ് മറ്റേതെങ്കിലും നിയമങ്ങൾക്ക് ഭംഗം വരുത്തുന്നതല്ലെന്ന്.—ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്.

10. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ഓർഡിനൻസിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകൾ പ്രകാരം ഉത്തമ വിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് സർവ്വകലാശാലയിലെ വൈസ്-ചാൻസലറിനോ അധികാരസ്ഥാനത്തിനോ ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

11. സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ഓർഡിനൻസിലെ 7-ാം വകുപ്പിൽ പരാമർശിക്കുന്ന കാര്യങ്ങളിൻമേൽ ഉണ്ടായേക്കാവുന്ന പരാതി സംബന്ധിച്ച് സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് തീർപ്പുകല്പിക്കുന്നതുവരെ യാതൊരു സിവിൽ കോടതിക്കും അങ്ങനെയുള്ള കാര്യങ്ങൾ ഒത്തുതീർപ്പാക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ തീരുമാനിക്കുന്നതിനോ അധികാരമുണ്ടായിരിക്കുന്നതല്ല.

12. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് മൂലം, അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതും ഈ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതു കാര്യവും ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ഓർഡിനൻസ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പ് പ്രകാരം യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

13. <u>റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം</u>.—സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയ്ക്ക് ഒരു സ്വാശ്രയ കോളേജിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഈ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് അനുസൃതമായി റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

14. <u>ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം</u>.—(1) ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടി, സർക്കാരിന് വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ഓർഡിനൻസ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

ആരിഫ് മുഹമ്മദ് ഖാൻ,
*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-G) Department**

NOTIFICATION

No. 3361/Leg. G2/2021/Law. *Dated, Thiruvananthapuram, 20th February, 2021*
*8th Kumbham, 1196*
*1st Phalguna, 1942.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Self Financing College Teaching and Non-teaching Employees (Appointment and Conditions of Service) Ordinance, 2021 (38 of 2021).

By order of the Governor,

ARAVINTHA BABU P. K.,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of “2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ഓർഡിനൻസ്” published under the authority of the Governor.]

**ORDINANCE No. 38 OF 2021**

THE KERALA SELF FINANCING COLLEGE TEACHING AND NON-TEACHING EMPLOYEES (APPOINTMENT AND CONDITIONS OF SERVICE) ORDINANCE, 2021

Promulgated by the Governor of Kerala in the Seventy-second Year of the Republic of India.

*AN*

*ORDINANCE*

*to provide for the method of appointment and conditions of service of teaching and non-teaching employees of self financing colleges affiliated to various Universities established by State law in the State and for other matters connected therewith and incidental thereto.*

*Preamble*.—WHEREAS, it is expedient to provide for the method of appointment and conditions of service of teaching and non-teaching employees of self financing colleges affiliated to various Universities established by State law in the State and for other matters connected therewith and incidental thereto;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement*.—This Ordinance may be called the Self Financing College Teaching and Non-Teaching Employees (Appointment and Conditions of Service) Ordinance, 2021.

(2) It shall come into force at once.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. *Definitions*.—In this Ordinance, unless the context otherwise requires,—

(a) “agreement” means an agreement entered into with the educational agency to be appointed as teaching or non-teaching employee in a self financing college;

(b) “educational agency” means a person or a body which establishes, controls or runs a self financing college and approved by the University;

(c) “Government” means the Government of Kerala;

(d) “non-teaching employee” means a person appointed in a self financing college under an agreement with the educational agency and registered as non-teaching employee in the affiliated University;

(e) “notification” means a notification published in the Official Gazette;

(f) “prescribed” means prescribed by rules made under this Ordinance;

(g) “regulatory body” means the University Grants Commission, All India Council for Technical Education, National Council for Teacher Education, Bar Council of India and Council of Architecture and it includes University also;

(h) “required post” means the teaching and non-teaching post determined by the regulatory body for various courses affiliated to the University in a self financing college;

(i) “self financing college” means an educational institution established, controlled or run by an educational agency and conducting courses affiliated to and approved by the University but it does not include the Government College and private college entered into direct payment agreement with the Government;

(j) “State” means the State of Kerala;

(k) “student” means a person admitted to a course of study conducted by a self financing college and duly registered in the affiliated University;

(l) “teacher” means a person appointed in self financing college under an agreement with the educational agency and registered as teacher in the affiliated University;

(m) “University” means the Kerala University, the Calicut University, the Mahatma Gandhi University, the Cochin University of Science and Technology, the Kannur University and the A. P. J. Abdul Kalam Technological University established under the provisions of the

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Kerala University Act, 1974 (17 of 1974), the Calicut University Act, 1975 (5 of 1975), the Mahatma Gandhi University Act, 1985 (12 of 1985), the Cochin University of Science and Technology Act, 1986 (31 of 1986), the Kannur University Act, 1996 (22 of 1996) and the A.P.J. Abdul Kalam Technological University Act, 2015 (17 of 2015) respectively.

3. *Appointment of teaching and non-teaching employees of self financing college*.—(1) The educational agency shall invite application by notification in such manner as may be prescribed for the appointment of teaching and non-teaching posts determined by the regulatory body for the courses affiliated to the University in the self financing college.

(2) There shall have such qualifications as determined by the regulatory body to the required posts under sub-section (1):

Provided that, on the date of commencement of this Ordinance, where an employee holding such post in a self financing college does not have any of the qualification determined by the regulatory body, shall obtain such qualification within such date as the Government may notify.

(3) The educational agency shall after examining the application received under the provisions of sub-section (1), prepare a rank list and appointment shall be made by an order in writing of an authority determined by the educational agency for this purpose.

4. *Agreement with the educational agency and other conditions of service*.—(1) Any person appointed to teaching and non-teaching post in a self financing college, shall enter into an agreement with the educational agency regarding such post, scale of pay, increment, grade, promotion, period of appointment, salary, allowance and overtime duty:

Provided that, it shall not prevent the power of the educational agency to make provision for providing more benefits to the teaching or non-teaching employee in a self financing college than that referred in such provisions regarding any matter provided in this Ordinance.

(2) Working days and working hours of teaching and non-teaching employees of self financing college shall be same as that is applicable to the teaching and non-teaching employees of Government college or aided college affiliated to the University:

Provided that, under the provisions of the agreement referred in sub-section (1), the teaching and non-teaching employees shall perform overtime duty in urgent situations.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) The public holiday, casual leave and maternity leave eligible for the teaching and non-teaching employees of Government college or aided college shall be applicable to the teaching and non-teaching employees of self financing college .

(4) The eduactional agency, shall take measures for making any person appointed to required post of a self financing college as a member to the Employees' Provident Fund under the provisions of the Employees' Provident Funds and Miscellaneous Provisions Act, 1952 (Central Act 19 of 1952):

Provided that, measures shall be taken to make any person appointed to the required post in self financing college prior to the date of commencement of this Ordinance as member to the Employees' Provident Fund within six months from the date of commencement of this Ordinance.

(5) The educational agency shall take measures to make any person appointed to required post in a self financing college as member in the insurance scheme of an insurance company approved by the Central Government, within six months from the date of commencement of this Ordinance.

(6)The age limit for appointment to the required post in a self financing college and the age of retirement shall be as may be determined by the regulatory body from time to time.

(7) The educational agency shall be the disciplinary authority of any person to be appointed to the required post in a self financing college. The educational agency shall take disciplinary proceedings in such manner as may be prescribed.

5. *Appeal.*—Any person aggrieved by the disciplinary action of the educational agency under sub-section (7) of section 4, shall file appeal before the University in which such self financing college is affiliated to, in such manner as may be prescribed. The Syndicate of such University shall dispose of the appeal and any decision thereon shall be final.

6. *Maintenance of records and registers*.—The educational agency shall maintain records and registers regarding details of teaching and non-teaching employees appointed to required posts in the self financing college.

7. *Registration*.—(1) The educational agency shall register the details of teaching and non-teaching employees to be appointed to required posts in a self financing college, within

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

three months from the date of appointment to the University in which such self financing college is affilliated to.

(2) The eduactional agency shall register the details of teaching and non-teaching employees appointed to required posts in self financing college prior to the date of commencement of this Ordinance, to the University in which such self financing college is affiliated to within three months from the date of commencement of this Ordinance.

(3) The procedures for registration under sub-sections (1) and (2) shall be as determined by the University.

(4) The duties and responsibilities of the teaching and non-teaching employees registered to the University in which self financing college is affiliated to under sub-sections (1) and (2) shall be as determined by the University. The teaching and non-teaching employees shall function to achieve the objects of the University. The educational agency shall implement any decision of the University in this matter.

8. *Various bodies to be constituted in the self financing college*.—(1) The educational agency shall, after duly informing the University, constitute the following bodies, as soon as possible, from the date of commencement of this Ordinance, namely:—

(i) Internal Quality Assurance Cell;

(ii) Parent-Teacher Association;

(iii) Students Grievance Redressal Cell;

(iv) College Council;

(v) Internal Committee under the Sexual Harassment of Women at Workplace (Prevention, Prohibition and Redressal) Act, 2013 (Central Act 14 of 2013).

(2) The constitution, powers, duties and responsibilities of the bodies except under item (v) of sub-section (1) shall be as determined by the regulatory body.

9. *Ordinance not in derogation to any other laws*.—The provisions of this Ordinance shall be in addition to and not in derogation to any other law for the time being in force.

10. *Protection of acts done in good faith*.—No suit or other legal proceedings shall lie against the Vice-Chancellor, authority or officer of the University for anything which is done in good faith or intended to be done under the provisions of this Ordinance or rules or regulations made thereunder.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

11. *Bar of jurisdiction of Civil Court.*—No Civil Court shall have jurisdiction to settle, deal with or decide such matters regarding complaint that may arise on matters referred in section 7 of this Ordinance, until disposed by the Syndicate of the University in which the self financing college is affiliated to.

12. *Power to remove difficulties*.—Where any difficulty arises in giving effect to the provisions of this Ordinance, the Government may, by order published in the Gazette, do anything which it may consider necessary or deems fit and not inconsistent with the provisions of the Ordinance for the purpose of removing such difficulty:

Provided that, no such order under this section shall be issued after the expiry of two years from the date of commencement of this Ordinance.

13. *Power to make regulations.*—The University in which self financing college is affiliated to, shall have the power to make regulations related to the functioning of a self financing college in accordance with the provisions of this Ordinance.

14. *Power to make rules*.—(1) The Government may, by notification, make rules to carry out the provisions of this Ordinance.

(2) Every rule made under this Ordinance shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session, in which it is so laid, or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect, only in such modified form or be of no effect, as the case may be; so however that any such modification or annulment shall be without prejudice to the validity of anything previously done under that rule.

ARIF MOHAMMED KHAN,

*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.02.20 11:21:20 +05:30